പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4034 24.08.2017-ലെ മറുപടി

കുപ്പിവെള്ളത്തിന്റെ പരിശോധന

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ കുപ്പികളിൽ ലഭിക്കുന്ന കുടിവെള്ളത്തിന്റെ വില അമിതമായി വർദ്ധിപ്പിച്ചിരിക്കുന്ന കാര്യം പരിശോധിക്കുമോ; | എ കുപ്പികളിൽ ലഭിക്കുന്ന കുടിവെള്ളത്തിന്റെ വില മുൻകാലങ്ങളിൽ അമിതമായി സ്വകാര്യ നിർമ്മാതാക്കൾ വർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുൻ കാലഘട്ടത്തിൽ വില നിയന്ത്രിക്കുന്നതിന് വേണ്ടി സർക്കാർ നിയന്ത്രണത്തിൽ കുപ്പികളിൽ സർക്കാർ നിർമ്മിത കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും അതിന്റെ ഫലമായി ഒരു പരിധി വരെ വിലവർദ്ധനവ് നിയന്ത്രിക്കാനും സാധിച്ചിട്ടുണ്ട്. |
| ബി കുപ്പിവെള്ളത്തിന്റെ പരിശോധന ജവവിഭവവകുപ്പ് നടത്താറുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി നിലവിൽ കുപ്പിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന ജലവിഭവവകുപ്പ് നടത്തുന്നില്ല. കുപ്പിവെള്ളത്തിന്റെ ഗുണമേന്മ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സിന്റെയും ഫുഡ് ആന്റ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ഓഫ് ഇൻഡ്യയുടെയും മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് പരിശോധിച്ചു വരുന്നത്. |
| സി കുടിവെള്ളം വിൽക്കുന്ന ഏജൻസികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | സി കുടിവെള്ളം വിൽക്കുന്ന ഏജൻസികൾക്ക് ജലവിഭവ വകുപ്പിന്റെ കീഴിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഏജൻസികൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലത്തിൽ നിർമ്മാണത്തിനുള്ള അനുമതി നേടേണ്ടതാണ്. |
| ഡി ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ബാക്ടീരിയകൾ കുടിവെള്ള ടാങ്കുകളിൽ കണ്ടെത്തിയ കേസുകൾ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; | ഡി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ കുടിവെള്ള ടാങ്കുകളും കുപ്പികളും പരിശോധിക്കുവാൻ ജലവിഭവ വകുപ്പിൽ സംവിധാനം ഉണ്ടാക്കുമോ; വ്യക്തമാക്കുമോ ? | ഇ കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉൽപ്പാദനത്തിന്റേയും വിതരണത്തിന്റേയും വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കെ.ഐ.ഐ.ഡി.സിയുടെ ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന കുടിവെള്ളം 'ഹില്ലി അക്വ' പരിശോധിക്കുവാൻ ഫാക്ടറി പരിസരത്തു തന്നെ സംവിധാനം ഉണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ